# അനിർവ്വചനീയം

**[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

നക്ഷത്രം തെളിയാത്ത രാവിൽ
ചന്ദ്രഗ്രഹണ ഭൂവിസ്തൃതിയിൽ
ഈരേഴുപതിനാലു ലക്ഷംകോടി ദലങ്ങളുള്ള
ലക്ഷണമൊത്ത ഏകനാഥനാമൊറ്റഡോളർ
വിവസ്ത്രയായി നിൽക്കുന്ന ശരത് വൃക്ഷം.

വാക്കു കോർക്കാൻ പൂക്കളില്ലാതെ
നവപത്രത്തിലെ പഴയ വിശേഷം
കോടാനുകോടി കോടതിവരാന്തയിൽ
കക്ഷത്തിലെ പച്ചനാടപ്ഫയൽ
കെട്ടഴിഞ്ഞ പുതുകെട്ടു ചോദ്യാവർത്തനം:
"സ്വവർഗ്ഗ വിവാഹക്കുദാശ
സ്വർഗ്ഗത്തിൽ നടക്കുന്നോ?"

കേട്ടെഴുത്തു കെട്ടുപദാവലിയുടെ
വാക്സഞ്ചയ തർക്കമുതിർക്കവേ
കറുത്ത മരബോർഡിലെ ചോക്കക്ഷരങ്ങൾ
വീണ്ടുമുണർത്തു വിരസതയില്ലാതെ
തെറ്റുതിരുത്തും അഭ്യാസം
അന്നുമിന്നും പഠിപ്പിക്കുന്നു
പണ്ടേ ചൊല്ലിമടുത്ത ഗൃഹപാഠമായ്:
"ഗ്രഹണി പിടിച്ച ഗൃഹിണി
വിഗ്രഹഭഞ്ജന ഗ്രഹണം ചെയ്ത-
തേതുഗൃഹ ഗ്രന്ഥവിഹാരത്തിൽ?"
*******************************************************